വായ്പയും 9,000 രൂപ സബ്സിഡിയും ഉൾപ്പെടെ 28,000 രൂപ അനുവദിക്കും. 1000 രൂപ ഗുണഭോക്താവിന്റെയും 1000 രൂപ സന്നദ്ധസംഘടനയുടെയും വിഹിത മായിരിക്കും. ഇങ്ങനെ ഈ പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയും നഗരപ്രദേശങ്ങളിൽ 50,000 രൂപയുമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാനുള്ള ശുപാർശ

14 (*134) ശ്രീ. പി. ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സർവ്വകലാശാലകളുടെ ശുപാർശ കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) നിലവിലുള്ള കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് വ്യവസ്ഥയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി & സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നും ശുപാർശ ലഭിച്ചിട്ടുണ്ട്. ശുപാർശയിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നിലനിർത്തുന്നതിന് നടപടി

15 (*135) ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നിലനിൽക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് സ്കൂളുകളിലുള്ള വിദ്യാർത്ഥികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര ഫീസ് വീതം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നില നിറുത്തുന്നതിന് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകുന്നത്.

(സി&ഡി) ഇല്ല. സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസ്സുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തിയതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒഴികെ ഒരു വിദ്യാർത്ഥിയിൽ നിന്നും 25 രൂപയിൽ കൂടാത്ത തുക 10 മാസക്കാലം ഈടാക്കുവാൻ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് 29-9-2001-ലെ ജി. ഒ. (എംഎസ്.) 297/2001/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റ് പ്രതിമാസ ഫീസുകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

പ്രവാസി മലയാളികൾക്ക് ക്ഷേമനിധി

16 (*136) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രവാസി മലയാളികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly